**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 554** **08-10-2024 - ൽ മറുപടിയ്ക്ക്**

**എ.എൻ.പി.ആർ. ക്യാമറകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ കീഴിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് സഹായകരമായ രീതിയിൽ എത്ര എ.എൻ.പി.ആർ ക്യാമറകൾ ഏതെല്ലാം സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്; നിലവിൽ ഇതെല്ലാം പ്രവർത്തന സജ്ജമാണോ; അല്ലെങ്കിൽ പ്രവർത്തന സജ്ജമല്ലാതായിട്ട് എത്ര നാളായി; | (എ) | ഒൻപത് ജില്ലകളിലായി ഇരുപത്തിരണ്ട് സ്ഥലങ്ങളിൽ എ.എൻ.പി.ആർ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.തിരുവനന്തപുരം ജില്ലയിൽ അമരവിള, മൂലക്കോണം, പിരായാൻമൂട്, വെള്ളറട, ഉച്ചക്കട, കൊല്ലം ജില്ലയിൽ ആര്യങ്കാവ്, ഇടുക്കി ജില്ലയിൽ കുമിളി, പാലക്കാട് ജില്ലയിൽ വാളയാർ, നടുപ്പുണി, വേലന്താവളം, മീനാക്ഷിപുരം, ഗോപാലപുരം, ഗോവിന്ദാപുരം, ഒഴലപ്പതി, മലപ്പുറം ജില്ലയിൽ വഴിക്കടവ്, കോഴിക്കോട് ജില്ലയിൽ കുഞ്ഞിപ്പള്ളി, വയനാട് ജില്ലയിൽ മുത്തങ്ങ, തോൽപ്പെട്ടി, കണ്ണൂർ ജില്ലയിൽ കൂത്തുപുഴ, ന്യൂമാഹി, കാസർഗോഡ് ജില്ലയിൽ പെർള, ആദൂർ എന്നിവടങ്ങളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ ഇതെല്ലാം പ്രവർത്തന സജ്ജമാണ്. |
| (ബി) | പ്രസ്തുത ക്യാമറകൾ വഴിയുള്ള ഡാറ്റ മുഖേന കഴിഞ്ഞ ഒരു വർഷക്കാലയളവിൽ പ്രതിമാസം കണ്ടെത്തിയ നികുതി വെട്ടിപ്പ് കേസുകളുടെ എണ്ണം വ്യക്തമാക്കാമോ ? | (ബി) | എ.എൻ.പി.ആർ ക്യാമറ വഴി വിവര ശേഖരണം നടത്തുകയും പിന്നീട് അവ മറ്റ് പല വിവരങ്ങളുടെ കൂടെ ചേർത്ത് വിലയിരുത്തി നികുതി വെട്ടിപ്പ് കണ്ടെത്താൻ ഉപയോഗിക്കുന്നു. ആയതിനാൽ എ.എൻ.പി.ആർ ഡാറ്റാ വഴി പ്രത്യേകമായി കണ്ടെത്തിയ നികുതി വെട്ടിപ്പ് തരം തിരിച്ച് ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ